യോഹ. 17 : 20 – 26

**2023 മെയ് 14**

# വചനസന്ദേശം

**ഫാ. ജിയോ മാടപ്പാടൻ**

<u>**ഒന്ന് ശ്രദ്ധിച്ചാലോ!**</u>

ബെനഡിക്ട് പതിനാറാമൻ പാപ്പ ദേഹവിയോഗം ചെയ്തിട്ട് ഏതാനും മാസങ്ങൾ ആകുന്നേയുള്ളൂ. അദ്ദേഹത്തിന്റെ അവസാന വാക്കുകൾ 'നാഥാ, ഞാൻ നിന്നെ സ്നേഹിക്കുന്നു' എന്നായിരുന്നു. ഏതൊരു വ്യക്തിയും പറയുന്ന അവസാന വാക്കുകൾക്ക്, പ്രത്യേകിച്ച് മരണക്കിടക്കയിൽ വച്ചു പറയുന്ന കാര്യങ്ങൾക്ക് അതീവ ശ്രദ്ധ കൂടെയുള്ളവർ നല്കാറുണ്ട്. വില്യം സീവാർഡ് എന്ന അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി മരണകിടക്കയിൽ കിടന്നു പറഞ്ഞത് 'വേറൊന്നും പറയാനില്ല, പരസ്പരം സ്നേഹിക്കുക' എന്നാണ്.

ഇന്ന് വായിച്ചുകേട്ട സുവിശേഷം ഈശോയുടെ അവസാനത്തെ പ്രഭാഷണത്തിൽ നിന്നുള്ള ഭാഗമാണ്. ഈ പ്രഭാഷണം പൂർത്തിയാക്കിയിട്ട് തന്റെ ശിഷ്യരുടെ കൂടെ കെദ്രോൺ അരുവി കടന്ന് ഈശോ പോകുന്നത് ഗത്സെമിനിയിലേക്കും, മരണത്തിലേക്കുമാണ്. അതുകൊണ്ട് തന്നെ പിന്നെ ഈശോയ്ക്ക് ശ്ലീഹന്മാരുമായി സംസാരിക്കാൻ അധികം സമയം കിട്ടിയിട്ടുണ്ടാകില്ല. അങ്ങനെ ചിന്തിക്കുമ്പോൾ തന്റെ അവസാനത്തെ പ്രഭാഷണത്തിൽ ഈശോ എന്താണ് പറഞ്ഞത് എന്നുള്ളത് വലിയ പ്രാധാന്യം അർഹിക്കുന്നുണ്ട്.

ഈശോ സംസാരിച്ചത് കൂട്ടായ്മയെ പറ്റിയാണ്. തന്റെ ശിഷ്യരെല്ലാം ഒന്നായിരിക്കണം, ഐക്യമുള്ളവരായിരിക്കണം. ത്രിത്വൈക ദൈവംതന്നെ കൂട്ടായ്മയാണ്. അപ്പോൾ ക്രിസ്തുശിഷ്യരും കൂട്ടായ്മയിലായിരിക്കണം.

ഇന്ന് ഈ 'കൂട്ടായ്മ' ആണ് സഭയിൽ വലിയ കലഹങ്ങൾക്കും അനൈക്യത്തിനും കാരണമായിരിക്കുന്നത് എന്നത് ഒരു ക്രൂരതമാശയായി തോന്നുകയാണ്. കൂട്ടായ്മയെ മനസ്സിലാക്കുന്നതിൽ എവിടെയൊക്കെയോ ക്രിസ്തു ശിഷ്യർക്ക് പിഴച്ചുപോകുന്നുണ്ട്. എല്ലാം ഒരുപോലെ ഇരിക്കുക എന്ന സംഗതിക്ക് അപ്പുറം എവിടെയോ ആണ് കൂട്ടായ്മ ഉള്ളത്

ഈ ഒരു പശ്ചാത്തലത്തിൽ നിന്നു നാം ചിന്തിക്കുമ്പോൾ, കൂട്ടായ്മയിലായിരിക്കാൻ എന്തു വേണം എന്ന ചോദ്യം ഉയരുന്നുണ്ട്. കൂട്ടായ്മയിലായിരിക്കുവാൻ ഏറ്റവും പ്രധാനമായിട്ട് ഉണ്ടാകേണ്ട കാര്യം 'പരസ്പരമുള്ള ശ്രദ്ധ'യായിട്ട് നമുക്ക് മനസ്സിലാക്കാം. "Taken for granted', 'അതിപ്പോ അങ്ങനെ ആയിരിക്കും', 'അവന് അതൊക്കെ മതി', 'അതൊക്കെ ധാരാളം' തുടങ്ങിയ ചിന്തകൾക്ക് അപ്പുറത്തേക്ക് പരസ്പരം ശ്രദ്ധിക്കാൻ തുടങ്ങുമ്പോൾ ഒരു സ്നേഹത്തിന്റെ കൂട്ടായ്മ അനുഭവം രൂപപ്പെടുകയാണ്.

'മധു മുദ്രകൾ' എന്ന തന്റെ ഓർമ്മക്കുറിപ്പിൽ നടൻ മധു തന്റെ അച്ഛനെ ഓർക്കുന്നുണ്ട്. ജോലിക്ക് പോകുമ്പോൾ അനിയത്തിയെ പറഞ്ഞ് ഏല്പിക്കുകയാണ് ചേട്ടൻ ചെയ്യുന്ന കാര്യങ്ങൾ ശ്രദ്ധിക്കാൻ. തിരിച്ചു വരുമ്പോഴേക്കും അപ്പനു കൊടുക്കാനായിട്ട് ഒരു ബുക്ക് നിറയെ കുറ്റങ്ങൾ എഴുതി കാത്തിരിക്കുകയും ചെയ്യും അനിയത്തി. ഇത്തരം ശ്രദ്ധകളേക്കാൾ കൂടെയുള്ളവരുടെ മാനസികവും, ശാരീരികവും, വൈകാരികവുമായ കാര്യങ്ങളിലെ ശ്രദ്ധയാണ് വേണ്ടത്.

കുടുംബത്തിന്റെ ദാരിദ്ര്യം മനസ്സിലാക്കി ചെലവുചുരുക്കുന്ന മകൻ, ജീവിത പങ്കാളിയുടെ മുഷിഞ്ഞുപോയ വസ്ത്രത്തിന് പകരം നല്ല വസ്ത്രം പറയാതെ തന്നെ വാങ്ങുന്ന കുടുംബനാഥൻ.... ഇങ്ങനെ തുടങ്ങി പതിയെ പരസ്പരം ശ്രദ്ധിക്കാൻ തുടങ്ങിയാൽ കുടുംബങ്ങളുടെ കൂട്ടായ്മയും ഒരുമയും കൂടുതൽ ശക്തിപ്രാപിക്കും.

ജന്മദിനാശംസകൾ നേർന്നുകൊണ്ടുള്ള ഒരു ഫെയ്സ്ബുക്ക് പോസ്റ്റ് വായിച്ചത് ഓർക്കുകയാണ്. അതിൽ ഭർത്താവ് എഴുതിയിരിക്കുന്നത് 'കഴിഞ്ഞ രണ്ട് വർഷവും ഞാൻ മറന്നുപോയി ആശംസകൾ നേരാൻ. ഈ വർഷം മറക്കാതെ ആശംസകൾ നേരുന്നു' എന്ന്. ഒരു ചെറിയ ശ്രദ്ധയാണ്, വലിയ സന്തോഷത്തിന് കാരണമാകും.

കുടുംബത്തിലും കൂടെയുള്ളവരോടും കുറച്ചുകൂടി ശ്രദ്ധയോടെ കരുതലോടെ പെരുമാറാൻ സാധിച്ചാൽ സ്നേഹത്തിന്റെ കൂട്ടായ്മ വർധിക്കുകയേയുള്ളൂ. ക്രിസ്തുവിന്റെ സ്വപ്നത്തിലേക്കു നടന്ന് അടുക്കാം. എ